ചാലക്കുടി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്

337 (1422) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് അഡിഷണൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റെസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്ത് മാനേജർ, കെയർടേക്കർ, വാർഡർ, സ്വീപ്പർ എന്നീ തസ്തികകൾ അനുവദിച്ച് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ അഡിഷണൽ ബ്ലോക്കിന്റെ (രണ്ടാം നില) നിർമ്മാണം പൂർത്തിയായശേഷം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത റസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്യുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാലവർഷംമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

338 (1423) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം മൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ദേശീയ, സംസ്ഥാന പാതകൾക്ക് പുറമേ മറ്റ് വിഭാഗങ്ങളുടെ കീഴിലുള്ള പി.ഡബ്ല്യു.ഡി. റോഡുകളും നന്നാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലവർഷംമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി നോൺ പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ ഇക സമയബന്ധിതമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് മുഖേന പല റോഡുകളും ഗതാഗതയോഗ്യമാക്കി തീർക്കുകയും ബാക്കി റോഡുകളുടെ പണി പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) ഇതിനായി പ്രത്യേക പദ്ധതി നിലവിലില്ല. നിലവിലെ സംവിധാന പ്രകാരം സംസ്ഥാന പാതകൾക്കും മറ്റ് പ്രധാന ജില്ലാപാതകൾക്കും ഒരുമിച്ചാണ് ബഡ്ജറ്റിൽ നോൺ പ്ലാൻ പ്രകാരം ഫണ്ട് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly